HEADMASTERS' FORUM, TIRUR

SSLC മാതൃകാ പരീക്ഷ

ഫെബ്രുവരി 2022

ദിശ 22

**BIOLOGY** MARKS:40

TIME :90mnts

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക .ഓരോ ചോദ്യത്തിനും 1 സ്കോർ വീതം

1)പദജോഡി ബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക:


**അഡിനിൻ : തൈമിൻ**

**ഗ്വാനിൻ : ..................**

**2) ഫ്ലോ ചാർട്ട് നിരീക്ഷിച്ച് പ്രക്രിയയ്ക്ക് പേര് നൽകുക.**

ഉദ്ദീപനം - ഗ്രാഹി - സംവേദ ന്യൂറോൺ - ഇന്റർ ന്യൂറോൺ - പ്രേരക ന്യൂറോൺ – പേശി

3) ചിത്രത്തിൽ അടയാളപ്പെടുത്തിയ ഭാഗത്തിന്റെ പേരെഴുതുക



4)ശാസ്ത്രം മനുഷ്യൻെറ അതിജീവനത്തിന് സഹായകമാകുന്നതിൻെറ ഉദാഹരണമാണ് ജീൻ ചികിത്സ..

ജീൻ ചികിത്സ മനുഷ്യന് പ്രയോജനപ്രദമാകുന്നതെങ്ങനെ?

5) **ഒറ്റപ്പെട്ടതു കണ്ടെത്തി മറ്റുള്ളവയുടെ പൊതു സവിശേഷത എഴുതുക**

**വാമനത്വം ,ക്രെറ്റിനിസം ,അക്രോമെഗാലി ,ഭീമാകാരത്വം**

**6)താഴെ തന്നിരിക്കുന്നവയിൽ ശരീരതുലനനിലപാലനത്തിന് സഹായിക്കുന്ന ഭാഗങ്ങൾ തിരിച്ചറിഞ്ഞെഴുതുക**

**യൂസ്റ്റേഷ്യൻനാളി ,വെസ്റ്റിബ്യൂൾ ,അർധവൃത്താകാരക്കുഴലുകൾ,കോക്ലിയ**

**7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ എല്ലാ ചോദ്യങ്ങൾക്കുംഉത്തരമെഴുതുക ഓരോ ചോദ്യത്തിനും1 സ്കോർ വീതം**

**7)ശൈശവ ഘട്ടത്തിൽ വളരെ സജീവമായി പ്രവർത്തിക്കുകയും പ്രായപൂർത്തിയാകുമ്പോൾ ചുരുങ്ങി ചെറുതാവുകയും ചെയ്യുന്ന അന്തസ്രാവിഗ്രന്ഥി ഏത് ?**

8) മനുഷ്യന്റെ ക്രോമസോം സംഖ്യ

(44,23,46,22)

9)ജീനുകളുടെ സ്ഥാനം കൃത്യമായി നിർണ്ണയിക്കാൻ സഹായിക്കുന്ന സാങ്കേതികവിദ്യ ഏത്

10)**ആഷിക്കിന് സംഭവിച്ച ഒരു അപകടത്തിന്റെ ഫലമായി അവനു രക്തം ആവശ്യമായി വന്നു.അവന്റെ രക്ത പരിശോധനയിൽ ആന്റിജൻ A യും D യും ആന്റിബോഡി b യും ഉള്ളതായി കണ്ടു.**

**a.അവന്റെ രക്ത ഗ്രൂപ്പ് ഏതാണ്**

**b.ചുവടെ കൊടുത്തിരിക്കുന്നവയിൽ ആഷിക്കിന് സ്വീകരിക്കാൻ കഴിയുന്ന രക്ത ഗ്രൂപ്പ് ഏതാണ്**

**{ വേണു A + അമൽ AB+ ,സുബൈർ AB- ,അനൂപ് A - } സ്കോർ 2**

11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക **സ്കോർ 2**

11) ഉചിതമായ പദം ചേർത്ത് ഓരോ വാചകവും പൂർത്തിയാക്കുക.

a). ഒരു ജീനിന്റെ വ്യത്യസ്തതരങ്ങളെ ------- എന്ന് വിളിക്കുന്നു..

c). വർണക പ്രോട്ടീൻ ആയ ------- ആണ് നമ്മുടെ ത്വക്കിന് നിറം നൽകുന്നത് .

12)കൃത്രിമസസ്യഹോർമോണുകളെ നാം ഉപയോഗപ്പെടുത്തുന്ന സന്ദർഭത്തിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക ഓരോ ചോദ്യത്തിനും 3 സ്കോർ വീതം

**13) ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞവുമായി ബന്ധപ്പെട്ട് സ്കൂൾ ശാസ്ത്ര ക്ലബ്ബ് ഒരു പോസ്റ്റർ നിർമ്മാണം നടത്തുന്നു. പോസ്റ്റർ നിർമ്മാണത്തിന് സഹായകമായ സൂചകങ്ങളുടെ ഉത്തരം കണ്ടെത്തുക.**

**a. ക്ഷയരോഗത്തിന്റെ രോഗകാരി ഏത്?**

**b. ഏതെങ്കിലും രണ്ട് ലക്ഷണങ്ങൾ എഴുതുക.**

**c. ഈ രോഗം പ്രതിരോധിക്കാനുള്ള വാക്സിൻ ഏത്?**

**14) അനുയോജ്യമായ തലക്കെട്ട് നൽകി ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തന ഘട്ടങ്ങൾ ശരിയായി ക്രമീകരിക്കുക**

**-ലൈസോസോമിലെ എൻസൈമുകൾ രോഗാണുക്കളെ നശിപ്പിക്കുന്നു**

**-രോഗാണുക്കളെ സ്തരസഞ്ചിയിൽ ഉൾക്കൊള്ളുന്നു**

**-അവശിഷ്ടങ്ങൾ പുറന്തള്ളുന്നു.**

**-സ്തരസഞ്ചികൾ ലൈസോസോമുമായി ചേരുന്നു**

**15) പട്ടിക പൂർത്തിയാക്കുക**

| A | B |
|---|---|
| a | ബോംബികോൾ |
| b)വെരുക് | b |
| c | കസ്തൂരി |

**16) ഗന്ധം എന്ന അനുഭവവുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് തയ്യാറാക്കുക**


**17)നമുക്ക് ചുറ്റുമുള്ള ചില ജീവികളും അവയുടെ ഗ്രാഹികളും ചുവടെ കൊടുത്തിരിക്കുന്നു അവയെ മാതൃക പോലെ ജോഡികളാക്കുക ( സ്കോർ 3 )**

**മാതൃക :ഷഡ്പദം -ഒമാറ്റീഡിയ,**

**പ്ലനേറിയ ,പാമ്പ് ,സ്രാവ്, ഷഡ്പദം ,ഐസ്പോട്ട്, ജേക്കബ്സൺസ്ഓർഗൻ, പാർശ്വവര**

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക ഓരോ ചോദ്യത്തിനും 4 സ്കോർ വീതം**

**18)** ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക




ദിശ

a)ചിത്രീകരണത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രക്രിയ ഏത്?

b)പ്രക്രിയയിലെ ഘട്ടങ്ങൾ ക്രമമായി എഴുതുക

19) ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്കുത്തരമെഴുതുക

ചിത്രം വരക്കേണ്ടതില്ല




a)A,B,C,D എന്നീ ഭാഗങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക.

b)A,D എന്നിവയുടെ ധർമങ്ങൾ എഴുതുക

**20) a). DNA യിലെ ജീനുകൾ നിർവഹിക്കുന്ന പ്രോട്ടീൻ നിർമാണത്തിന്റെ ഘട്ടങ്ങൾ പൂർത്തിയാക്കുക.**

**DNA യിൽ നിന്നുള്ള സന്ദേശമടങ്ങിയ mRNA ഉണ്ടാകുന്നു.**

**mRNA ന്യൂക്ലിയസിനു പുറത്തെത്തുന്നു.**

**--------------**
**--------------**
**--------------**

**b). ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് ആർ.എൻ. എ കൾ ഏതെല്ലാമാണ് ?**

## 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക സ്കോർ 4

**21 ) മന്ത് രോഗവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക**

**a. രോഗകാരി ഏത്**

**b.രോഗവാഹകർ ആര്**


**c.രോഗവ്യാപനം തടയാൻ സ്വീകരിക്കേണ്ട 2 മുൻകരുതലുകൾ**

**22) അനുയോജ്യമായ തലക്കെട്ടുകൾക്ക് കീഴിൽ താഴെ പറയുന്ന പ്രക്രിയകൾ ക്രമീകരിക്കുക:**

* ഹൃദയമിടിപ്പ് സാധാരണ നിലയിലാകുന്നു.
* ശ്വാസനാളം വികസിക്കുന്നു.
* പെരിസ്റ്റാൽസിസ് സാധാരണ നിലയിലാകുന്നു.
* ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കി മാറ്റുന്നു.
* ഉമിനീർ ഉൽപാദനം കുറയുന്നു
* **കൃഷ്ണമണി ചുരുങ്ങുന്നു.**

## 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക സ്കോർ 5

23)ചിത്രം പകർത്തി വരച്ച് ചുവടെ പറയുന്ന ധർമങ്ങൾ നിർവഹിക്കുന്ന ഭാഗങ്ങൾ പേരെഴുതി അടയാളപ്പെടുത്തുക .




a) ആവേഗങ്ങൾ രൂപപ്പെടുത്തുന്ന ഭാഗം

b)പ്യൂപ്പിളിന്റെ വലുപ്പം ക്രമീകരിക്കുന്ന ഭാഗം

c)ആവേഗങ്ങൾ മസ്തിഷ്കത്തിലേക്ക് വഹിക്കുന്ന ഭാഗം

d) പ്രകാശം കണ്ണിനകത്തേക്ക് കടത്തിവിടുന്ന ഭാഗം

24)രക്തത്തിലെ ഗ്ളൂക്കോസ് സംതുലനവുമായി ബന്ധപ്പെട്ട ചിത്രീകരണം വിശകലനം ചെയ്ത് താഴെ പറയുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക




**a)B,D എന്നീ പ്രവർത്തനങ്ങൾ എഴുതുക .**

**b)A,C എന്നീ ഹോർമോണുകളുടെ പേരെഴുതുക .**

**c)രക്തത്തിലെ ഗ്ലൂക്കോസിന്റെ സാധാരണ അളവെത്ര .**

**d)കാൽസ്യത്തിന്റെ അളവ് സാധാരണ നിലയിൽ നിലനിർത്താൻ സഹായിക്കുന്ന ഹോർമോണുകളേവ .**